# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 989      13/06/2013 ൽ മറുപടിക്ക്

## സ്കൂൾതലത്തിൽ വിവര സാങ്കേതികവിദ്യ പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീമതി പി. അയിഷാ പോറ്റി | | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) | സ്കൂൾതലത്തിൽ വിവരസാങ്കേതിക വിദ്യ നടപ്പാക്കുന്നതിനുള്ള പദ്ധതി പ്രകാരം 2011-12, 2012-13 വർഷങ്ങളിൽ കൊല്ലം ജില്ലയിൽ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | എ) | സ്കൂൾ തലത്തിൽ വിവര സാങ്കേതിക വിദ്യ നടപ്പാക്കുന്നതിനുള്ള പദ്ധതി പ്രകാരം കൊല്ലം ജില്ലയിൽ 2011-12 വർഷം ആകെ 3,20,68,300/- രൂപ ചെലവഴിച്ചിട്ടുണ്ട്. 2012-13 വർഷത്തെ പദ്ധതി പ്രകാരമുള്ള കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| ബി) | പ്രസ്തുത പദ്ധതി പ്രകാരം മേൽ സൂചിപ്പിച്ച വർഷങ്ങളിൽ കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ ചെലവഴിച്ച തുകയുടെ വിശദാംശം ലഭ്യമാക്കുമോ; | ബി) | പ്രസ്തുത പദ്ധതി പ്രകാരം കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ 2011-12 വർഷം ആകെ 53,65,350/- രൂപ ചെലവഴിച്ചിട്ടുണ്ട്. 2012-13 വർഷത്തെ തുകയുടെ വിശദാംശം ശേഖരിച്ചുവരുന്നു. |
| സി) | ഏതെല്ലാം സ്കൂളുകളിൽ പ്രസ്തുത തുക ചെലവഴിച്ചെന്നും നടത്തിയ പ്രവർത്തികൾ എന്തെന്നും വിശദമാക്കുമോ? | സി) | ജില്ലയിലെ എല്ലാ സർക്കാർ ഹൈസ്കൂൾ, ഹയർ സെക്കൻഡറി, വൊക്കേഷണൽ ഹയർ സെക്കൻഡറി, സ്കൂളുകൾക്കും ഐസിടി@സ്കൂൾ സ്കീമിൽ ചേർന്നിട്ടുള്ള എയിഡഡ് ഹൈസ്കൂൾ, ഹയർ സെക്കൻഡറി, വൊക്കേഷണൽ ഹയർ സെക്കൻഡറി, സ്കൂളുകൾക്കും 2007-08 വർഷം മുതൽ കമ്പ്യൂട്ടർ / അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനായിട്ടാണ് തുക ചെലവഴിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ